പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1426 22.3.2013-ൽ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി കേന്ദ്രത്തിൽ നിന്ന് ലഭ്യമായിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

എ) കെ.എസ്.യു.ഡി.പി മുഖേന ജെ എൻ എൻ യു ആർ എം, യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതികളിലായി ചുവടെ കൊടുത്തിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

- ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ
- അഴുക്കുചാൽ/വെള്ളപ്പൊക്കനിവാരണം
- ബസുവാങ്ങൽ
- ഇ ഗവേർണൻസ്
- നഗരഗതാഗതം
- ഹെറിട്ടേജ്
- ഖരമാലിന്യസംസ്കരണം
- കുടിവെള്ളം
- സ്വിവറേജ്

ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി, ആർ എ വൈ, എസ്.ജെ.എസ്.ആർ.വൈ എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേനയും ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിറ്റേഷൻ, സിറ്റി സാനിറ്റേഷൻ പ്ലാൻ എന്നിവ ശുചിത്വ മിഷൻ വഴിയും നടപ്പിലാക്കി വരുന്നു.

ബി) ഓരോ പദ്ധതിയിലുമായി എന്തു തുകയാണ് അനുവദിച്ചത്; പ്രസ്തുത തുക അനുവദിച്ചുകിട്ടിയത് എന്നാണ്;

ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതികൾക്കുള്ള അടങ്കൽ തുക 42778 ലക്ഷം രൂപയാണ്. ജെ എൻ എൻ യു ആർ എം പദ്ധതികൾക്ക് തിരുവനന്തപുരം നഗരസഭയുടെ അടങ്കൽ തുക 55554.55 ലക്ഷം രൂപയും, കൊച്ചി നഗരസഭയുടെ അടങ്കൽ തുക 58532.50 ലക്ഷം രൂപയുമാണ്.
ബി.എസ്.യു.പി പദ്ധതിക്കായി 343.67 കോടി രൂപയും ഐ.എച്ച്.എസ്.ഡി പി പദ്ധതിക്കായി 273.32 കോടി രൂപയും ആർ.എ.വൈയുടെ കീഴിൽ ചേരിരഹിത നഗരാസൂത്രണ കർമ്മപരിപാടിക്കായി 2010 മാർച്ച് മാസം 2.63 കോടി രൂപയും ജനുവരി 2012ലെ കേന്ദ്ര സർക്കാരിന്റെ സി.എസ്.എം.സി മീറ്റിംഗിൽ തിരുവന്തപുരം മതിപ്പുറം പൈലറ്റ് പ്രോജക്ടിനായി 18.26 കോടി രൂപയുമാണ് കേന്ദ്രസർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്. 2006-07 സാമ്പത്തിക

വർഷം മുതൽ 2009-10 സാമ്പത്തിക വർഷത്തിനുള്ളിലാണ് ഐഎച്ച്എസ്ഡിപി, ബിഎസ്‌യുപി പദ്ധതികളുടെ തുക അനുവദിച്ചു നൽകിയത്.
ഐഎച്ച്എസ്ഡിപി പദ്ധതിക്കായി 150 കോടി രൂപയും ബിഎസ്‌യുപി പദ്ധതിക്കായി 111 കോടി രൂപയും ഇതുവരെ ലഭിച്ചിട്ടുണ്ട്.
എസ്.ജെ.എസ്.ആർ.വൈ.യ്ക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 35.127 കോടി രൂപയും കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്.

ഐ.എൽ.സി.എസ് പദ്ധതിയിൽ രണ്ട് നഗര സഭകൾക്ക് കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 32 ലക്ഷം രൂപ, 2008-09 ലും ബാക്കി തുകയായ 95.72 ലക്ഷം രൂപ 2010-11 സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക 2 മുൻസിപ്പാലിറ്റിയ്ക്ക് നൽകുകയുണ്ടായി. തുടർന്ന് 2011-12 ൽ 6 നഗരസഭകൾക്കായി, കേന്ദ്രവിഹിതമായി അനുവദിക്കപ്പെട്ട 500.50 ലക്ഷം രൂപയുടെ ആദ്യ ഗഡുവായ 125 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

സിറ്റി സാനിട്ടേഷൻ പദ്ധതിയിൽ രണ്ട് തുല്യ ഗഡുക്കളായി 120 ലക്ഷം രൂപ 2010-11ൽ അനുവദിക്കുകയുണ്ടായി.

സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കേണ്ട കാലാവധി എന്നായിരുന്നു;

സി) കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.റ്റി, ജെ എൻ എൻ യു ആർ എം, പദ്ധതികൾ പൂർത്തിയാക്കേണ്ട കാലാവധി 2012 മാർച്ച് ആയിരുന്നു.
ഐഎച്ച്എസ്ഡിപി, ബിഎസ്‌യുപി പദ്ധതികളുടെ പൂർത്തീയാക്കേണ്ട കാലാവധി 2014 മാർച്ചാണ്.
ആർഎവൈയുടെ കാലാവധി കേന്ദ്രസർക്കാർ പരാമർശിച്ചിട്ടില്ല. എന്നാൽ ആർഎവൈ പൈലറ്റ് പദ്ധതിയുടെ കാലാവധി മൂന്നു വർഷമാണ്.
എസ്ജെഎസ്ആർവൈ പദ്ധതി ഒരു തുടർപദ്ധതിയാണ്.

ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിറ്റേഷൻ, സിറ്റി സാനിറ്റേഷൻ എന്നിവയുടെ പൂർത്തീകരണ കാലാവധി പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

ഡി) സമയബന്ധിതമായി പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) യു.ഐ.ഡി.എസ്.എസ്.എം.റ്റി,ജെ.എൻ.എൻ യു.ആർ.എം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ഇ) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർതലത്തിൽ മുഖ്യമന്ത്രി, വകുപ്പുമന്ത്രി എന്നിവർ അവലോകന യോഗം നടത്താറുണ്ട്. കൂടാതെ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ നോഡൽ ഏജൻസിതലത്തിലും അവലോകനം നടത്തി പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| എഫ്) | യു.ഐ.ഡി.എസ്.എസ്.എം.ടി അനുവദിച്ചുകിട്ടിയ നഗരസഭകൾ ഏതെല്ലാം; ഒരോ നഗരസഭയ്ക്കും ഏതെല്ലാം പദ്ധതികൾക്കായി എന്തു തുകയാണ് അനുവദിച്ചു കിട്ടിയത്; | എഫ്) | യു.ഐ.ഡി.എസ്.എസ്.എം.റ്റി അനുവദിച്ചു കിട്ടിയ നഗരസഭകളും, ഓരോ നഗരസഭയ്ക്കും ലഭിച്ചിട്ടുളള പദ്ധതികളും അവയ്ക്കുവേണ്ടി അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ജി) | ഓരോ പദ്ധതിയും തുടങ്ങിയത് എന്നാണ്; പ്രസ്തുത പദ്ധതികൾ അവസാനിപ്പിക്കുവാനുള്ള കാലാവധി എന്നാണെന്നറിയിക്കുമോ; | ജി) | 2006-07, 2007-2008 വർഷങ്ങളിലാണ് ഓരോ പദ്ധതിയും തുടങ്ങിയത്. പ്രസ്തുത പദ്ധതികൾ അവസാനിപ്പിക്കാനുളള കാലാവധി 2014 മാർച്ച് 31 -നാണ്. |
| എച്ച്) | ഒറ്റപ്പാലം നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | എച്ച്) & ഐ) | ഇല്ല. പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുളള ടെണ്ടർ എംപവേർഡ് കമ്മിറ്റി ശുപാർശ ചെയ്തത് സർക്കാരിന്റെ പരിഗണനയിലാണ്. |
| ഐ) | എങ്കിൽ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | നഗരസഭയുടെ പേര് | ഘടകം | പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | നെയ്യാറ്റിൻകര | ഖരമാലിന്യ പരിപാലനം | 349 |
| 2. | ആറ്റിങ്ങൽ | | 306 |
| 3. | പുനലൂർ | | 482 |
| 4. | ചങ്ങനാശ്ശേരി | | 390 |
| 5 | പത്തനംതിട്ട | | 380 |
| 6. | പെരിന്തൽമണ്ണ | | 522 |
| 7. | പയ്യന്നൂർ | കുടിവെള്ളം സ്വിവറേജ് | 4019 |
| 8. | ആലപ്പുഴ | | 9194 |
| 9. | ചാലക്കുടി | | 4978 |
| 10. | കൊയിലാണ്ടി | ഖരമാലിന്യ പരിപാലനം | 208 |
| 11. | ആലപ്പുഴ | | 423 |
| 12. | നെടുമങ്ങാട് | | 229 |
| 13. | നോർത്ത് പരവൂർ | | 183 |
| 14. | ആലുവ | കുടിവെള്ളം | 185 |
| 15. | ഗുരുവായൂർ | | 3144.33 |
| 16. | ചാവക്കാട് | | 1900.67 |
| 17. | തലശ്ശേരി | | 4120 |
| 18. | വടകര | | 2291.75 |
| 19 | കൽപ്പറ്റ | | 3217 |
| 20. | പെരിന്തൽമണ്ണ | | 811 |
| 21. | ചിറ്റൂർ | | 650 |
| 22. | ചങ്ങനാശ്ശേരി | | 391.9 |
| 23. | തിരുവല്ല | | 627.9 |
| 24. | ഒറ്റപ്പാലം | | 1800 |
| 25. | മലപ്പുറം | | 1976 |

സെക്ഷൻ ഓഫീസർ